ഇടച്ചിറ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

273 (1307) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരുനാഗപ്പള്ളി മണ്ഡലത്തിൽ സുനാമി ബാധിത പ്രദേശത്ത് ഇടച്ചിറ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; തടസ്സം എന്താണ് ?

ഉത്തരം

പാലവും പാലത്തിന്റെ അപ്രോച്ച് റോഡും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ അപ്രോച്ചിൽനിന്നും ഇരുമ്പിലേയ്ക്കുള്ള ഗതാഗത സൗകര്യം പ്രാവർത്തികമാക്കുന്നതിനുള്ള സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടിയിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ബാക്കി പണി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

കോരപ്പുഴ പാലം പുനർ നിർമ്മാണം

274 (1308) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലം പുതുക്കിപ്പണിയുന്നതിന് എത്ര രൂപ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെന്നും എത്ര രൂപ അനുവദിച്ചെന്നും വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ബഹു. ധനകാര്യവകുപ്പുമന്ത്രിയുടെ 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കോരപ്പുഴ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന് ഭരണാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

ദേശീയപാത വികസനം

275 (1309) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly